മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും മറ്റു സഹകരണ സംഘങ്ങൾക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സാഹിത്യ സഹകരണ സംഘങ്ങൾ, ദുർബലമായ വനിതാ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയും എൻ.സി. ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി ദുർബല കാർഷിക സംസ്കരണ യൂണിറ്റുകൾക്കും ദുർബല വിപണന സംഘങ്ങൾക്കും പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നുണ്ട്.

| | |
|---|---|
| (ബി) എത്ര പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) സഹകരണസംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള പദ്ധതി പ്രകാരം 54 സഹകരണ സംഘങ്ങൾക്ക് 31.12.2012 വരെ ഈ പദ്ധതി പ്രകാരം ഗുണം ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ പ്രാഥമിക സഹകരണ സംഘങ്ങൾ എത്രയുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ; | (സി) ലഭ്യമായ കണക്കുപ്രകാരം 31.12.2012-ൽ എല്ലാ വിഭാഗത്തിലുംപെട്ട 2683 പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) പ്രവർത്തനക്ഷമമല്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പാക്കേജുകൾ ആണ് നടപ്പിലാക്കുന്നത് ; | (ഡി) സഹകരണസംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായ പദ്ധതി പ്രകാരവും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും, മറ്റു സഹകരണ സംഘങ്ങൾക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സാഹിത്യ സഹകരണ സംഘങ്ങൾ, ദുർബലമായ വനിതാ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയും എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി ദുർബല കാർഷിക സംസ്കരണ യൂണിറ്റുകൾക്കും ദുർബല വിപണന സംഘങ്ങൾക്കും പുനരുദ്ധാരണത്തിനുള്ള ധനസഹായം നൽകിവരുന്നുണ്ട്. |

| | |
|---|---|
| (ഇ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവർത്തനരഹിതമായ പ്രാഥമിക സഹകരണസംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഇ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവർത്തനരഹിതമായ പ്രാഥമിക സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി, അത്തരം സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ച് പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതോടൊപ്പം തിരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതികൾ മുഖേന സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാരിൽ നിന്നും ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ധനസഹായ ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം, പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാരിന്റെയും എൻ.സി.ഡി.സി.യുടെയും ധനസഹായം നൽകുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| നം. | പദ്ധതികൾ | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനസഹായമനുവദിച്ച സംഘങ്ങളുടെ എണ്ണം (31.12.2012 വരെ) |
|---|---|---|
| 1 | സഹകരണസംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായ പദ്ധതി | 13 |
| 2 | ഉപഭോക്തൃ സഹകരണസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി<br>എ) പ്രാഥമിക ഉപഭോക്തൃ സഹകരണസംഘങ്ങൾ<br>ബി) ജില്ലാ മൊത്ത വിൽപന സഹകരണ സ്റ്റോറുകൾ | <br>11<br>2 |
| 3 | മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി<br>സാഹിത്യ സഹകരണ സംഘം | <br>1 |
| 4 | എസ്.സി./എസ്.റ്റി. സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 27 |
| | ആകെ | 54 |

സെക്ഷൻ ഓഫീസർ